കനാൽ	ചെയിനേജ്			
ഒലിയപുറം	0 മീ.	–	1030 മീ.	വരെ
കക്കാട്	3000 മീ.	–	5420 മീ.	
കിഴുമുറി	2403 മീ.	–	2740 മീ.	
രാമമംഗലം മൈനർ	1500 മീ.	–	3920 മീ.	
ഊരമന (അക്വഡക്ട്)	1221 മീ.	–	1389 മീ.	
ഊരമന കനാൽ	4000 മീ.	–	7910 മീ.	
മാമലശ്ശേരി അക്വഡക്ട്	2 എണ്ണം			
മാമലശ്ശേരി കനാൽ	3000 മീ.	–	5000 മീ.	

(ബി) സൗത്ത് കക്കാട് ഡിസ്ട്രിബ്യൂട്ടറിയുടെ വർക്കിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ കനാൽ പണിയുന്നതിനാവശ്യമായ സ്ഥലം ഡിപ്പാർട്ടുമെന്റിന് ലഭിച്ചിട്ടില്ല. ഓണക്കൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 43% പണികൾ പൂർത്തിയാക്കിയതിന് ശേഷം കോൺട്രാക്ട് റിസ്ക്ക് ആന്റ് കോസ്റ്റ് വ്യവസ്ഥ പ്രകാരം അവസാനിപ്പിച്ചതിനാൽ ബാക്കിയുള്ള വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ റേറ്റ്പ്രകാരം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കാക്കൂർ, ഒലിയപുറം, ഊരമന, മാമലശ്ശേരി എന്നീ കനാലുകളുടെ പണികൾ പുരോഗതിയിലാണ്. രാമമംഗലം മൈനറിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും കനാൽ നിർമ്മാണത്തിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഊരമന അക്വഡക്ടിന്റെ ടെണ്ടർ കഴിഞ്ഞു.

മാമലശ്ശേരിയുടെ രണ്ട് അക്വഡക്ടുകളുടെ (ചെയ്. 625–870 മീ) (1460–1770 മീ.) ടെണ്ടർ സർക്കാർ പരിഗണനയിലാണ്.

(സി) 2005 മാർച്ചിൽ മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതീക്ഷിച്ചിരുന്നത്.

(ഡി) 2006 മാർച്ചോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലസേചന റിസർവോയറുകളിലെ മണ്ണ് നീക്കംചെയ്യുന്നതിന് നടപടി

40 [3293] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ ധാരാളം ലഭിക്കുമ്പോഴും ജലസേചന റിസർവോയറുകളിലെ ജലനിരപ്പിൽ സാരമായ വർദ്ധന ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിസർവോയറുകൾ നല്ലനിലയിൽ പ്രവർത്തിപ്പിക്കുന്നതിന് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) റിസർവോയറുകളിലെ കുമിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മഴ ധാരാളം ലഭിക്കുമ്പോൾ ജലസേചന റിസർവോയറുകളിലെ ജലനിരപ്പിൽ സാരമായ വർദ്ധന ഉണ്ടാകാറുണ്ട്.

(ബി) ഉണ്ട്.

(സി) റിസർവോയറുകളിലെ ജലം വേനൽക്കാലത്ത് താഴ്ന്നിറങ്ങുമ്പോൾ മണ്ണുമാറ്റുന്ന ജോലി ലേലംചെയ്തു കൊടുത്തുവരുന്നു.

കോഴിക്കോട് പുളക്കടവിലെ പമ്പിംഗ് സ്റ്റേഷൻ

41 [3294] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുളക്കടവിലെ പമ്പിംഗ് സ്റ്റേഷനിലെ പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി വിപുലീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടങ്കൽത്തുക രണ്ടര ലക്ഷം രൂപയാണ്.

(ബി) ദീർഘകാലാടിസ്ഥാനത്തിലുള്ള മെച്ചപ്പെടുത്തലിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly